# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4215 — 16.12.2014 ൽ മറുപടിയ്ക്ക്

## ധാതുമണൽ കള്ളക്കടത്ത്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ<br>" കെ.സുരേഷ് കുറുപ്പ്<br>" പി.കെ. ഗുരുദാസൻ<br>" ബി.സത്യൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ധാതുമണൽ അന്യസംസ്ഥാനക്കാരടക്കം വൻതോതിൽ കള്ളക്കടത്ത് നടത്തുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ വിശദമാക്കുമോ; | (എ) | ഉണ്ട്.മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖലാ മിനറൽ സ്ക്വാഡ് ധാതുമണൽ കടത്തികൊണ്ടുപോകുന്നത് തടയുന്നതിന് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടു പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ഈ പ്രദേശത്ത് പോലീസ് പെട്രോളിങ് നടത്തുന്നുണ്ട്. കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും പരിശോധന നടത്തുന്നുണ്ട്. ഇതിന് പുറമെ ആഭ്യന്തരവകുപ്പ് ഈ ആവശ്യത്തിലേക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്തു നിന്നും അനധികൃതമായി കരിമണൽ കടത്തുന്നത് മൂലം സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ നഷ്ടം സംഭവിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | കരിമണൽ കടത്തുകാരുമായി ബന്ധപ്പെട്ട അധികൃതർ ഒത്തുകളി നടത്തുന്നത് കൊണ്ടാണ് അനധികൃതമായി കോടികളുടെ കള്ളക്കടത്ത് നടത്തുന്നത് തടയാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ; | (സി) | കരിമണൽ കള്ളക്കടത്ത് തടയുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അനധികൃത ഖനനവും കടത്തും ഫലപ്രദമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കരിമണൽ അനധികൃതമായി കടത്തിയവർക്കെതിരെ എടുത്ത നടപടികൾ വിശദമാക്കാമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്രപേർ ശിക്ഷിക്കപ്പെട്ടു? | (ഡി) | കേരള മിനറൽ സ്ക്വാഡിലെ ദക്ഷിണമേഖലയിലേയും കൊല്ലം ജില്ലാ ഓഫീസിലേയും ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ആലപ്പാട് പഞ്ചായത്തിൽ അഴിക്കൽ എന്ന സ്ഥലത്തുവച്ച് അനധികൃമായി കരിമണൽ കയറ്റിവന്ന കെ.എൽ.23ബി 2362 വാഹനം പിടിച്ചെടുക്കുകയും കരുനാഗപ്പള്ളി ഒന്നാം ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ആലപ്പുഴയിൽ മൈനിംഗ് & ജിയോളജി വകപ്പിന്റെ പ്രത്യേക സ്ക്വാഡ് 572/2013, 667/13 നമ്പരുകളിലായി അനധികൃത കരിമണൽ കടത്തിന് രണ്ട് കേസുകൾ ഹരിപ്പാട് ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**